(ആർ.കെ.വി.വൈ.) പൊക്കാളി നെൽകൃഷി വികസന പദ്ധതി. 89.248 ഹെക്ടർ പൊക്കാളി നെൽകൃഷി ആലപ്പുഴ ജില്ലയിൽ നടപ്പിലാക്കുന്നതിനായി 8.9248 ലക്ഷം രൂപ വകയിരുത്തി പദ്ധതി നടപ്പിലാക്കി വരുന്നു.

നെൽ കർഷകർക്ക് ഹെക്ടറിന് 1000 രൂപ തോതിൽ ഉൽപ്പാദന ബോണസ് നൽകുന്നതിനായി 1243.44 ലക്ഷം രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

(ഡി) വിവരം ശേഖരിച്ചുവരുന്നു.

ഇൻകം ഗ്യാരണ്ടി സ്കീം

143 (3348) ശ്രീ. ഇ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) രണ്ടു ഹെക്ടർ വരെ കൃഷി ഭൂമിയുള്ള ചെറുകിട-നാമമാത്ര കർഷകർക്കുവേണ്ടി നടപ്പിലാക്കുമെന്ന് പ്രഖ്യാപിച്ച ഇൻകം ഗ്യാരണ്ടി സ്കീം നടപ്പിലാക്കുകയുണ്ടായോ; വ്യക്തമാക്കുമോ;

(ബി) ഇതിനായി എത്ര തുക വകയിരുത്തി; എത്ര തുക ചെലവഴിച്ചു; വ്യക്തമാക്കുമോ;

(സി) ആകെ എത്ര കർഷകർ പദ്ധതിയിൽ അംഗങ്ങളായി; വ്യക്തമാക്കുമോ?

ഉത്തരം

(എ) 2014-15 വർഷത്തെ ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ച ചെറുകിട-നാമമാത്ര കർഷകർക്കുള്ള ഇൻകം ഗ്യാരണ്ടി സ്കീം ഇതുവരെ നടപ്പാക്കിയിട്ടില്ല.

(ബി) ഈ പദ്ധതിക്കായി 2014-15 വർഷത്തെ ബഡ്ജറ്റ് പ്രസംഗത്തിൽ 50 കോടി രൂപ വകയിരുത്തുന്നതാണ് എന്ന് പ്രഖ്യാപിച്ചു എങ്കിലും 2014-15, 2015-16 എന്നീ വർഷങ്ങളിലെ ബഡ്ജറ്റിൽ ഈ പദ്ധതിയ്ക്ക് തുകയൊന്നും വകയിരുത്തിയിട്ടില്ല.

(സി) ബാധകമല്ല.

കെരഫെഡ്-എഫ്.ഐ.ടി. സംരംഭം

144 (3349) ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം തെങ്ങിൻതടി ഉപയോഗം വർദ്ധിപ്പിക്കുന്നതിനും ഉല്പന്ന വൈവിധ്യവൽക്കരണത്തിനുമായി കേരഫെഡ്-എഫ്.ഐ.ടി. സംരംഭം തുടങ്ങുമെന്ന് പ്രഖ്യാപനം നടത്തിയിട്ടുണ്ടോ ; പ്രഖ്യാപനം നടത്തിയത് എപ്പോൾ; സംരംഭം പ്രാബല്യത്തിൽ വരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) പ്രസ്തുത സംരംഭവുമായി ബന്ധപ്പെടുത്തി കഴിഞ്ഞ ഓരോ ബഡ്ജറ്റിലും അനുവദിച്ച തുക എത്രയെന്നും ട്രഷറിയിൽ നിന്ന് പിൻവലിച്ച തുക എത്രയെന്നുമുള്ള വിശദാംശങ്ങൾ നൽകാമോ ;

(സി) തെങ്ങുകൃഷി പുനർജീവന പദ്ധതി നിലനിർത്തിയിട്ടുണ്ടോ ; ഇപ്രകാരം എത്ര ലക്ഷം തെങ്ങുകൾ വെട്ടിമാറ്റിയിട്ടുണ്ടെന്ന് ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്. 2012-13-ലെ ബഡ്ജറ്റ് പ്രസംഗത്തിലാണ് പ്രഖ്യാപനം നടത്തിയിട്ടുള്ളത്.ഈ സംരംഭം കൃഷി വകുപ്പിലൂടെ പ്രാബല്യത്തിൽ വരുത്തിയിട്ടില്ല.

(ബി) 2012-13 മുതൽ 2015-16 വരെയുള്ള സാമ്പത്തിക വർഷങ്ങളിൽ പ്രസ്തുത സംരംഭവുമായി ബന്ധപ്പെടുത്തി കൃഷി വകുപ്പിന്റെ ബഡ്ജറ്റ് വിഹിതത്തിൽ തുകയൊന്നും അനുവദിച്ചിട്ടില്ല.

(സി) വിവരം ശേഖരിച്ചു വരുന്നു.

റബ്ബർ വില സംരക്ഷണം

145 (3350) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യത്തിന് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് റബ്ബർ കർഷകർക്ക് വില സംരക്ഷണത്തിനായി സർക്കാർ എത്ര തുക നീക്കി വച്ചിരുന്നുവെന്നും അതിൽ എത്ര തുക ചെലവഴിച്ചുവെന്നും ജില്ല തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കാമോ; സംസ്ഥാനത്ത് എത്ര റബ്ബർ കർഷകർ രജിസ്റ്റർ ചെയ്തിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ?

ഉത്തരം

സംസ്ഥാനത്ത് റബ്ബർ കർഷകർക്ക് വിലസംരക്ഷണത്തിനായി 25-2-2014 തീയതിയിലെ സർക്കാർ ഉത്തരവ് (എം.എസ്.) നമ്പർ 56/2014/കൃഷി പ്രകാരം നടപ്പിലാക്കിയ റബ്ബർ സംഭരണ പദ്ധതിയിൽ, സംഭരണ ഏജൻസികളായ റബ്ബർമാർക്കിനും മാർക്കറ്റ് ഫെഡിനും കൈകാര്യച്ചെലവിനായി 4 കോടി രൂപ

LIBRARY ARCHIVES Kerala Legislative Assembly